# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4863 05.02.2014-ൽ മറുപടിക്ക്.

### കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ.എസ്.രാജേന്ദ്രൻ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന ഒരു പദ്ധതി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്. അധികാര വികേന്ദ്രീകരണ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ലോക ബാങ്ക് സഹായത്തോടെ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് . |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിലുള്ള പഞ്ചായത്തിരാജ് സംവിധാനം നടപ്പാക്കുന്നതിൽ . കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിക്കഴിഞ്ഞിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ കേരളം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേക്കുയർത്തുക എന്നതാണ് സംസ്ഥാനം നേരിടുന്ന മുഖ്യ വെല്ലുവിളി. ഇത്തരമൊരു സാഹചര്യത്തിൽ അധികാര വികേന്ദ്രീകരണ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ലോക ബാങ്ക് സഹായത്തോടെ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് . |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം ഏത് ഏജൻസിയാണ് നൽകുന്നത്; എന്ത് തുകയുടേതാണ് പദ്ധതി; ഇത് സംബന്ധിച്ച കരാർ ഉണ്ടാക്കിയിട്ടുണ്ടോ; കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം ലോക ബാങ്കിൽ നിന്നുമാണ് ലഭിക്കുന്നത് 260 മില്യൺ യു.എസ്. ഡോളറിന്റെ (ഏകദേശം 1200 കോടി രൂപയുടെ) താണ് പദ്ധതി. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരും, കേരള സർക്കാരും ലോക ബാങ്കുമായി ത്രികക്ഷി കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഇതിന്റെ ഫിനാൻസിംഗ് എഗ്രിമെന്റ് കേന്ദ്ര ഗവൺമെന്റും ലോക ബാങ്കുമായി പ്രോജക്ട് എഗ്രിമെന്റ് കേരള സർക്കാരും ലോക ബാങ്കുമായാണ് ഉണ്ടാക്കിയിട്ടുള്ളത്. |
| (ഡി) | എന്ത് തുക ഇതിനകം ലഭിച്ചു; വിശദാംശങ്ങൾ നൽകുമോ; | (ഡി) | കെ.എൽ.ജി.എസ്.ഡി.പി. യ്ക്ക് വേണ്ടി ലോക ബാങ്കിൽ നിന്നും 466.37 കോടി രൂപ ഇതിനകം ലഭിച്ചു. |
| (ഇ) | പ്രസ്തുത പദ്ധതി ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽഇതിനകം ആരംഭിച്ചു; ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | കേരളത്തിലെ 978 ഗ്രാമപഞ്ചായത്തുകളിലും 60 മിനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും സംരക്ഷിക്കുന്നതിനും പെർഫോമൻസ് ഗ്രാന്റ് നൽകുന്നതാണ്. ഇപ്രകാരം നൽകുന്ന പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതികൾ നടപ്പാക്കാവുന്നതാണ്. |

**സെക്ഷൻ ആഫീസർ**